<u>പതിമൂന്നാം കേരള നിയമസഭ</u>

നാലാം <u>സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1090

20-03-2012-ൽ മറുപടി നൽകേണ്ടിയിരുന്നത്

# സംസ്ഥാനത്ത് നടന്ന വൻകിട കയ്യേറ്റങ്ങൾ

| ചോദ്യം<br>ശ്രീ. കെ. അജിത് | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. റവന്യു വകുപ്പുമന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം സംസ്ഥാനത്ത് നടന്ന എത്ര വൻകിട കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ; | (എ) ആലപ്പുഴ ജില്ലയിൽ 5 ഉം, ഇടുക്കി ജില്ലയിൽ 71- ഉം വൻകിട കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ രീതിയിൽ കണ്ടെത്തിയ കയ്യേറ്റങ്ങളിൽ എത്ര ഹെക്ടർ ഭൂമി ഉൾപ്പെട്ടിട്ടുണ്ട് എന്നും അത് സർക്കാരിലേയ്ക്ക് ഏറ്റെടുത്തിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ ; | (ബി) ആലപ്പുഴ ജില്ലയിൽ അനധികൃതമായി കൈയ്യേറിയതായി കണ്ടെത്തിയ 1..66.19 ഹെക്ടർ ഭൂമിയിൽ നിന്ന് 06.07 ആർ ഭൂമിയും ഇടുക്കി ജില്ലയിൽ അനധികൃതമായി കൈയ്യേറിയതായി കണ്ടെത്തിയ 1929.71 ഏക്കർ കയ്യേറ്റ ഭൂമിയും ഒഴിപ്പിച്ചെടുത്തിട്ടുണ്ട്. |
| (സി) മുൻസർക്കാരിന്റെ കാലത്ത് കയ്യേറ്റമായി കണ്ടെത്തി പിടിച്ചെടുത്ത സ്ഥലങ്ങളിൽ വീണ്ടും കയ്യേറ്റം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും എങ്കിൽ ആയവ തിരികെ ഒഴിപ്പിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ; | (സി) മുൻസർക്കാരിന്റെ കാലത്ത് അനധികൃതമായി കണ്ടെത്തി പിടിച്ചെടുത്ത ഭൂമിയിൽ വീണ്ടും കൈയ്യേറ്റം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരം കൈയ്യേറിയ 397.85 ഏക്കർ ഭൂമിയിലെ കൈയ്യേറ്റം ഒഴിപ്പിച്ചെടുത്തിട്ടുണ്ട്. |
| ഡി) മേൽ സൂചിപ്പിച്ച രണ്ടു കാര്യങ്ങൾക്കുമായി എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; | ഡി) മേൽ സൂചിപ്പിച്ച രണ്ട് കാര്യങ്ങൾക്കുമായി 85 എൽ. സി. കേസുകളും 13 ക്രിമിനൽ കേസുകളും ബുക്കുചെയ്തിട്ടുണ്ട്. |
| ഇ) കൈയ്യേറ്റങ്ങളുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്ക് പങ്കുള്ളതായി കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുത്തിട്ടുണ്ടോ ; | (ഇ) & (എഫ്)<br>കയ്യേറ്റങ്ങളുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്ക് പങ്കുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| എഫ്) ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുത്തിട്ടുണ്ടെങ്കിൽ എത്ര ഉദ്യോഗസ്ഥർക്കെതിരെയാണെന്നും ഏതൊക്കെ ജില്ലകളിലാണെന്നും വ്യക്തമാക്കുമോ ? | |

സെക്ഷൻ ഓഫീസർ